# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 485 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി മൂലമുണ്ടാകുന്ന വരുമാന നഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ കോഴിക്ക് നിലവിലുണ്ടായിരുന്ന 14.5% നികുതി ഇല്ലാതായതോടുകൂടി സംസ്ഥാനത്തിന് പ്രതിവർഷം എത്ര ലക്ഷം രൂപയുടെ വരുമാനം നികുതിയിനത്തിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ കോഴിക്ക് നിലവിലുണ്ടായിരുന്ന 14.5% നികുതി ഇല്ലാതായതോടുകൂടി സംസ്ഥാനത്തിന് പ്രതിവർഷം ആകെ വരുമാനത്തിൽ 12871 ലക്ഷം രൂപയുടെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്. |
| (ബി) | ഈയിനത്തിലുണ്ടാകുന്ന നഷ്ടം കേന്ദ്ര സർക്കാർ നികത്തുമോ; | (ബി) യും (സി) യും | ആകെ വരുമാനത്തിൽ കുറവ് വരുന്നത് കേന്ദ്ര സർക്കാർ നികത്തുമെന്നാണ് അറിയിച്ചിരിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിലെ വരുമാനം അടിസ്ഥാന വർഷമായി കണക്കാക്കി 14 ശതമാനം വർദ്ധനവ് നൽകുമെന്നാണ് കേന്ദ്രം ഉറപ്പ് നൽകിയിരിക്കുന്നത്. |
| (സി) | ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇറച്ചി കോഴിക്കും, കോഴിക്കുഞ്ഞുങ്ങൾക്കും നികുതിയില്ലാത്ത സഹചര്യത്തിൽ ഈ നഷ്ടം കേന്ദ്രം നികത്തുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ